# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5213 — 02.07.2013 ൽ മറുപടിയ്ക്ക്

## ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശരഹിത വായ്പ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. എം.പി. വിൻസെന്റ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശരഹിത വായ്പ നൽകുന്ന പ്രത്യേക പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;<br>(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) യും (ബി) യും സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ പലിശ രഹിത വായ്പയായി നൽകുന്ന പദ്ധതി അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br>2011-12 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി "ഉത്തേജന പലിശ ഇളവ് പദ്ധതി" പ്രകാരം പലിശ ഇളവ് നൽകുന്ന പദ്ധതി പ്രഖ്യാപിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പരമാവധി 3% പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ പരമാവധി 5% സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശ രഹിത വായ്പയായി നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| (സി) | ഈ സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിനായി എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്; | (സി) | 2011-12 സാമ്പത്തിക വർഷം 32 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതിൽ 2011-12 ൽ ഒരു കോടി രൂപയും 2012-13 ൽ 2 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2013-14 ൽ ഒരു കോടി രൂപ ബഡ്ജറ്റിൽ വക കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഏതെല്ലാം സഹകരണ ബാങ്കുകളും സംഘങ്ങളും വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്? | (ഡി) | സംസ്ഥാനത്തെ എല്ലാ സർവീസ് സഹകരണ ബാങ്കുകൾ, സർവീസ് സഹകരണ സംഘങ്ങൾ, ഫാർമേഴ്സ് സർവീസ് സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവയിൽ നിന്നും ഹ്രസ്വകാല കാർഷിക വായ്പ എടുത്തിട്ടുള്ള കാർഷകർക്കാണ് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ